**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **06-07-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ ജയിലുകളിലെ ആംബുലൻസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജില്ലാ ജയിലുകളിൽ അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ആംബുലൻസ് സൗകര്യം ഉറപ്പാക്കിയിട്ടുണ്ടോ; എല്ലാ ജില്ലാ ജയിലുകളിലും സ്വന്തമായി ആംബുലൻസ് സൗകര്യം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് ആകെ 13 ജില്ലാ ജയിലുകളാണ് നിലവിലുള്ളത്. ആയതിൽ പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതിനാൽ 12 ജില്ലാ ജയിലുകളിലാണ് നിലവിൽ തടവുകാരെ പാർപ്പിച്ചുവരുന്നത്. ആയതിൽ കോട്ടയം ജില്ലാ ജയിൽ ഒഴികെയുള്ള 11 ജില്ലാ ജയിലുകളിലും നിലവിൽ സ്വന്തമായി ആംബുലൻസ് സൗകര്യം ലഭ്യമാക്കിയിട്ടുള്ളതാണ്.<br><br>കോട്ടയം ജില്ലാ ജയിൽ ഉൾപ്പെടെ ആംബുലൻസ് ലഭ്യമല്ലാത്തതും അത്യാവശ്യമായി അനുവദിക്കേണ്ടതുമായ ജയിലുകളിലേയ്ക്ക് 2022-23 ലെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആംബുലൻസുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ